(ബി) പ്രസ്തുത പണി എപ്പോൾ തുടങ്ങും;

(സി) 'പിരിയൻചിറ' വീതികൂട്ടി ഒരു സ്ലൂയിസ് സഹിതം റോഡാക്കിത്തീർക്കുന്നതു് ഗതാഗതത്തിനും കൃഷിയ്ക്കും വലിയ സഹകരണമായിരിക്കുകയില്ലേ ?

ഉത്തരം.

(എ) ഏകദേശം ഏഴു കൊല്ലങ്ങളോളമായി.

(ബി) ബഡ്ജറ്റിൽ തുക കൊള്ളിച്ചിട്ടില്ലാത്തതിനാൽ എപ്പോൾ തുടങ്ങുമെന്നു പറയുവാൻ നിവൃത്തിയില്ല.

(സി) ഉവ്വു്.

പ്രൈവറ്റ് അണക്കെട്ടുകൾ.

300. [19] ശ്രീ. കെ. എ. ശിവരാമഭാരതി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവണ്മെൻറിന്റെ മാനേജ്മെൻറിൽ കഴിഞ്ഞ പത്തുവർഷങ്ങളോളമായി ഇരുന്നുവരുന്ന ചിറ്റൂർ താലൂക്കിലെ പ്രൈവറ്റ് അണക്കെട്ടുകൾ മുന്നെണ്ണവും ഉടമസ്ഥന്മാർക്കുതന്നെ വിട്ടുകൊടുത്തതായി കേൾക്കുന്നതു് ശരിയാണോ ;

(ബി) അങ്ങനെയാണെങ്കിൽ അതിനു കാരണമെന്തു് ?

ഉത്തരം.

(എ) ശരിയാണു്.

(ബി) അണക്കെട്ടു ഉടമസ്ഥന്മാരുടെ ആവലാതിയെ പരിഗണിച്ചും ഗവണ്മെൻറു് മാനേജ്മെൻറു് തുടർന്നുകൊണ്ടുപോകേണ്ട അത്യാവശ്യമില്ലെന്നു ബോദ്ധ്യപ്പെട്ടതുകൊണ്ടും.

റോഡു പണി.

301. [20] ശ്രീ. സി. കൊച്ചുകുഞ്ഞു് : താഴെ കാണുന്ന ചോദ്യത്തിനു് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ചിറയിൻകീഴു് താലൂക്കിൽപ്പെട്ട പള്ളിക്കൽ വെളിനല്ലൂർ റോഡിന്റെ പണി ആരംഭിക്കുന്നതിനു് നാട്ടുകാർ നിരവധി നിവേദനങ്ങളും ഗവണ്മെൻറിനു് സമർപ്പിച്ചിട്ടും ഇതുവരെയും റോഡിന്റെ പണി ആരംഭിക്കാതിരിക്കുന്നതിനുള്ള കാരണമെന്തു് ?

ഉത്തരം.

വർക്കു് കമ്മിറ്റി അംഗീകരിച്ചതിനുശേഷം പണി ആരംഭിക്കുന്നതാണു്.

റോഡുകൾ ടാറിട്ടു കിട്ടുന്നതിനുള്ള നിവേദനം.

302. [21] ശ്രീ. സി. കൊച്ചുകുഞ്ഞു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വക്കല മുതലുള്ള റോഡുകൾ ടാറിട്ടു കിട്ടുന്നതിനു് നാട്ടുകാർ ഗവണ്മെൻറിലേയ്ക്കു് നിവേദനം സമർപ്പിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly